സാമൂഹ്യ നീതി ഡയറക്ടറേറ്റ്

ICPS 2/031976 (i)/2014

തിരുവനന്തപുരം 16.12.2014

# സർക്കുലർ

വിഷയം : സാമൂഹ്യ നീതി വകുപ്പ് - ASAP പ്രകാരം ജെ.ജെ സ്ഥാപനങ്ങൾ കേന്ദ്രീകരിച്ച് അധിക തൊഴിൽ പരിശീലന കേന്ദ്രങ്ങൾ ആരംഭിക്കുന്നത് സംബന്ധിച്ച്.

1. ഉന്നത വിദ്യാഭ്യാസ വകുപ്പിന്റേയും പൊതു വിദ്യാഭ്യാസ വകുപ്പിന്റേയും സംയുക്ത ആഭിമുഖ്യത്തിൽ സംസ്ഥാനത്ത് നടപ്പാക്കുന്ന ഒരു നൂതന തൊഴിൽ പരിശീലന പരിപാടിയാണ് അഡീഷണൽ സ്കിൽ അക്വസിഷൻ പ്രോഗ്രാം അഥവാ അധിക നൈപുണ്യാർജന പരിപാടി. കുട്ടികളുടെ പഠനത്തോടൊപ്പം അവരുടെ അഭിരുചിക്കനുസരിച്ചുള്ള തൊഴിൽ പരിശീലനം കൂടി നൽകുന്നതു കൊണ്ടാണ് ഈ പരിപാടിക്ക് അധിക നൈപുണ്യാർജന പരിപാടിയെന്ന പേര് നൽകിയിരിക്കുന്നത്.

2. അധിക നൈപുണ്യാർജന പദ്ധതിയ്ക്ക് രണ്ട് മോഡ്യൂളുകൾ ഉണ്ട്.
   (I) ഫൗണ്ടേഷൻ മോഡ്യൂൾ.
   (II) സ്കിൽ മോഡ്യൂൾ.

2.1 ഫൗണ്ടേഷൻ മോഡ്യൂൾ:-

ഫൗണ്ടേഷൻ മോഡ്യൂളിന് രണ്ട് ഘടകങ്ങൾ ഉണ്ട്.

(I) കമ്മ്യൂണിക്കേറ്റീവ് ഇംഗ്ലീഷ് (100 മണിക്കൂർ ദൈർഘ്യമുള്ള ക്ലാസ്സുകൾ)

(II) ഐ.റ്റി സ്കിൽ. (80 മണിക്കൂർ ദൈർഘ്യമുള്ള ക്ലാസ്സുകൾ)

2.2 സ്കിൽ മോഡ്യൂൾ:-

ഫൗണ്ടേഷൻ മോഡ്യൂളിനോടൊപ്പം അവരുടെ അഭിരുചിക്കനുസരിച്ചുള്ള ഓരോ മേഖലയിലും അധിക തൊഴിൽ പരിശീലനം നൽകുന്ന മോഡ്യൂളാണിത്. സ്കിൽ മോഡ്യൂളിന്റെ കാലയളവ് 100 മുതൽ 320 മണിക്കൂർ വരെയായിരിക്കും.

3. സാമൂഹ്യ നീതി വകുപ്പിലെ ജെ.ജെ സ്ഥാപനങ്ങൾ കേന്ദ്രീകരിച്ചു അധിക നൈപുണ്യർജന പരിപാടി നടപ്പിലാക്കുന്നതിനുള്ള കർമ്മപദ്ധതി.

സാമൂഹ്യ നീതി വകുപ്പിന്റെ കീഴിലുള്ള ചിൽഡ്രൻസ് ഹോമുകൾ, ആഫ്റ്റർ കെയർ ഹോമുകൾ മുതലായ സ്ഥാപനങ്ങൾ കേന്ദ്രീകരിച്ചു ജെ.ജെ സ്ഥാപനങ്ങളിലെ കുട്ടികൾക്കും, ശ്രദ്ധയും പരിചരണവും ആവശ്യമുള്ള സമീപപ്രദേശങ്ങളിലെ കുട്ടികൾക്കും അധിക തൊഴിൽ പരിശീലനം നൽകുന്നതിന് തീരുമാനിച്ചിരിക്കുന്നു.

3.1 പരിശീലനാർത്ഥികൾ

ആദ്യ ഘട്ടമെന്ന നിലയിൽ ഖണ്ഡിക 2.1-ൽ പരാമർശിച്ചിട്ടുള്ള ഫൗണ്ടേഷൻ മോഡ്യൂളാണ് ആരംഭിക്കാൻ ഉദ്ദേശിച്ചിട്ടുള്ളത്. ഈ പരിശീലന പരിപാടിക്കു വേണ്ടി താഴെ പറയുന്ന വിഭാഗത്തിൽപ്പെടുന്ന കുട്ടികളേയും, 21 വയസ്സ് പ്രായമുള്ള യുവാക്കളേയും തെരഞ്ഞെടുക്കാം. (തെരഞ്ഞെടുക്കപ്പെട്ടവർ +1 പഠിക്കുന്ന കുട്ടികളോ, ബിരുദപഠനത്തിനു ചേരുന്നിട്ടുള്ള ഒന്നാം, രണ്ടാം വർഷ കോഴ്സുകളിൽ പഠിക്കുന്നവരോ ആയിരിക്കണം. +2-വിനും ബിരുദപഠനത്തിനു ചേർന്നിട്ടുള്ള അവസാന വർഷ വിദ്യാർത്ഥി/വിദ്യാർത്ഥിനികളെ പരിശീലന പരിപാടിക്ക് ചേർക്കേണ്ടതില്ല.)

(1) ചിൽഡ്രൻസ് ഹോമിലെ കുട്ടികൾ.
(2) ആഫ്റ്റർ കെയർ ഹോമുകളിലേയും നിർഭയ കേന്ദ്രങ്ങളിലേയും താമസക്കാർ.
(3) സ്ഥാപനത്തിന് ഒരു കിലോമീറ്റർ ചുറ്റളവിലുള്ള പ്രദേശവാസികളായ ശ്രദ്ധയും പരിചരണവും ആവശ്യമായ കുട്ടികൾ.
(4) ഓർഫണേജുകളിലെ കുട്ടികൾ, ~~21 വയസ്സ് തികയാത്തവർ~~.
(5) ബാലപീഡനത്തിനിരയായവർ.
(6) മേൽനോട്ടത്തിലിരിക്കുന്ന പ്രൊബേഷണർമാർ.
(7) സ്പോൺസർഷിപ്പ്/ഫോസ്റ്റർ കെയർ അനുവദിച്ചിട്ടുള്ള കുട്ടികൾ.
(8) സ്നേഹപൂർവ്വം ഗുണഭോക്താക്കൾ.

3.2 ഒരു ബാച്ചിൽ ഉൾക്കൊള്ളിക്കാവുന്നവർ:-

ഓരോ ബാച്ചിലും 20 മുതൽ 30 വരെ പരിശീലനാർത്ഥികളെ പങ്കെടുപ്പിക്കാം.

4. ഫൗണ്ടേഷൻ മോഡ്യൂൾ പരിശീലനം:-

ASAP സാമൂഹ്യ നീതി വകുപ്പിലെ ജെ.ജെ സ്ഥാപനങ്ങളിൽ നടപ്പിലാക്കുന്നതിന്റെ ഭാഗമായി അദ്യ മോഡ്യൂളായ ഫൗണ്ടേഷൻ മോഡ്യൂൾ അനുസരിച്ചുള്ള പരിശീലനം ഉടനെ ആരംഭിക്കണം. ഇതുമായി ബന്ധപ്പെട്ട് താഴെപ്പറയുന്ന നിർദ്ദേശങ്ങൾ നൽകുന്നു:-

1. പരിശീലന പരിപാടി നടത്തുന്നതിനു സൗകര്യപ്രദമായ ഒരു മുറി ചിൽഡ്രൻസ് ഹോമിലോ മറ്റ് സ്ഥാപനങ്ങളിലോ കണ്ടെത്തണം.
2. ഇതിനാവശ്യമായ സാധന സാമഗ്രികൾ വാങ്ങുവാനുള്ള ഉത്തരവാദിത്വം ചിൽഡ്രൻസ് ഹോം സൂപ്രണ്ടുമാർക്കായിരിക്കും.
3. അധിക തൊഴിൽ പരിശീലന പരിപാടിയുടെ കോ-ഓർഡിനേറ്റർ അതാതു ജില്ലകളിലെ ചിൽഡ്രൻസ് ഹോം സൂപ്രണ്ടുമാരായിരിക്കും.

4. ഈ ഓഫീസിലെ 11/11/2014-ലെ ഐ.സി.പി.എസ് 2/017180/2014 (1 മുതൽ 16 വരെയുള്ള) ഉത്തരവുകൾ പ്രകാരം ജെ.ജെ സ്ഥാപനങ്ങൾക്ക് വിവിധ സാധന സാമഗ്രികൾ വാങ്ങുന്നതിനുള്ള അനുമതി നൽകിയിരുന്നു. പ്രസ്തുത ഉത്തരവ് പ്രകാരം വാങ്ങുന്ന സാധന സാമഗ്രികളും ഈ പരിശീലന പരിപാടിയിൽ ഉപയോഗിക്കാവുന്നതാണ്.

5. അവിടെ താഴെ പറയുന്ന സാധനസാമഗ്രികൾ സജ്ജീകരിക്കണം:-

(1) 20 ഫൈബർ കസേരകൾ.
(2) ഒരു ലാപ്പ്ടോപ്പ്
(3) ഒരു എൽ.സി.ഡി പ്രൊജക്റ്റർ
(4) ഒരു സ്ക്രീൻ
(5) ഒരു വൈറ്റ് ബോർഡ്
(6) ആവശ്യമായ സ്റ്റേഷനറി സാധനങ്ങൾ

6. ആദ്യപടിയായി സോഫ്റ്റ് സ്കിൽ പരിശീലനത്തിന്റെ ഭാഗമായി കമ്മ്യൂണിക്കേറ്റീവ് ഇംഗ്ലീഷ് സെഷനുകൾ (100 മണിക്കൂർ) ആരംഭിക്കാം.

7. പരിശീലന ക്ലാസ്സുകൾ സ്കൂൾ/കോളേജ് പ്രവർത്തി ദിവസങ്ങളിൽ വൈകുന്നേരം 5.30 മുതൽ 6.30 വരെ ആയിരിക്കും. അവധി ദിവസങ്ങളിൽ പ്രത്യേക ക്ലാസ്സുകൾ ഉണ്ടായിരിക്കും.

8. ഈ പരിപാടിയുടെ നടത്തിപ്പിന് ASAP -ന്റെ ജില്ലാ പ്രോഗ്രാം ഓഫീസിൽ നിന്നും അദ്ധ്യാപകരെ ലഭിക്കും.

9. ഇതുമായി ബന്ധപ്പെട്ട കൂടുതൽ മാർഗ്ഗ നിർദ്ദേശങ്ങൾക്ക് ASAP -ന്റെ ജില്ലാ ഓഫീസുമായി ബന്ധപ്പെടേണ്ടതാണ്.

10. സോഫ്റ്റ് സ്കിൽ പരിശീലനം നടപ്പിലാക്കുന്നതിനുള്ള പ്ലാൻ ഓഫ് ആക്ഷൻ ഇപ്രകാരം നിശ്ചയിച്ചിരിക്കുന്നു.

(1) പരിശീലനാർത്ഥികളെ ഡിസംബർ 19-ാം തീയതി തെരഞ്ഞെടുക്കണം.
(2) സ്കിൽ ഐഡന്റിഫിക്കേഷൻ ഡിസംബർ 23-ാം തീയതി നടത്തണം. (ഇതിന് ASAP-ന്റെ ജില്ലാ പ്രോഗ്രാം ഓഫീസുമായി ബന്ധപ്പെടണം.)
(3) ഡിസംബർ 30-നുള്ളിൽ പരിശീലനത്തിനാവശ്യമായ സാധന സാമഗ്രികൾ സംഭരിക്കണം.
(4) 2015 ജനുവരി ഒന്നിന് സോഫ്റ്റ് സ്കിൽ പരിശീലനം ആരംഭിക്കണം.

ഈ പരിപാടി സമയബന്ധിതമായി നടപ്പാകുന്നതിനുള്ള നടപടികളും സ്വീകരിക്കേണ്ടതാണ്.

ഒപ്പ്
സാമൂഹ്യ നീതി ഡയറക്ടർ

എല്ലാ ചിൽഡ്രൻസ് ഹോം സൂപ്രണ്ടുമാർക്കും

എല്ലാ ആഫ്റ്റർ കെയർ ഹോം സൂപ്രണ്ടുമാർക്കും

ഉത്തരവിൻപ്രകാരം
പ്രോഗ്രാം മാനേജർ

പകർപ്പ്

1. എല്ലാ ഡി.സി.പി.ഒ-മാർക്കും
2. എല്ലാ പ്രൊബേഷൻ ഓഫീസർ (ഗ്രേഡ് 1) ഓഫീസർമാർക്കും
3. എല്ലാ സാമൂഹ്യ് നീതി ഓഫീസർമാർക്കും
4. എല്ലാ മേഖലാ സാമൂഹ്യ നീതി അസിസ്റ്റന്റ് ഡയറക്ടർമാർക്കും.
5. ഐ.സി.പി.എസ്-4
6. സ്റ്റോക്ക് ഫയൽ.

## സാമൂഹ്യ നീതി ഡയറക്ടറുടെ നടപടിക്രമങ്ങൾ

വിഷയം : സാമൂഹ്യ നീതി വകുപ്പ് - ജെ.ജെ സ്ഥാപനങ്ങളിൽ ASAP പ്രകാരം അധിക തൊഴിൽ പരിശീലനം ആരംഭിക്കുന്നത് സംബന്ധിച്ചുള്ള ഭരണാനുമതി.

പരാമർശം : ഈ ഓഫീസിലെ 16.12.2014-ലെ ICPS 2/031976/2014 നമ്പർ സർക്കുലർ.

**ഉത്തരവ് നമ്പർ ICPS 2/031976/2014(ii) തീയതി : 16/12/2014**

സാമൂഹ്യ നീതി വകുപ്പിന്റെ കീഴിലുള്ള ജെ.ജെ സ്ഥാപനങ്ങളോ മറ്റ് സ്ഥാപനങ്ങളോ കേന്ദ്രീകരിച്ച് ASAP പ്രകാരം പഠനത്തിലേർപ്പെട്ടിരിക്കുന്ന ശ്രദ്ധയും പരിചരണവും ആവശ്യമുള്ള കുട്ടികൾക്കും, ആഫ്റ്റർ കെയർ ഹോമുകളിലെ താമസക്കാർക്കും വേണ്ടി അധിക തൊഴിൽ പരിശീലന പരിപാടി ആരംഭിക്കുവാൻ വകുപ്പ് തീരുമാനിച്ചിരിക്കുന്നു.

2. ആദ്യമായി ASAP പ്രകാരമുള്ള ഫൗണ്ടേഷൻ മോഡ്യൂളാണ് ആരംഭിക്കുന്നത്. ഇതിനു വേണ്ടി താഴെ പറയുന്ന സാധന സാമഗ്രികൾ സ്റ്റോർ പർച്ചേസ് റൂൾ അനുസരിച്ച് വാങ്ങുന്നതിന് അനുമതി നൽകി ഉത്തരവാകുന്നു.

(1) ഫൈബർ കസേരകൾ - 20 എണ്ണം

(2) വൈറ്റ് ബോർഡ് - 1

(3) ആവശ്യമായ സ്റ്റേഷനറി സാധനങ്ങൾ

3. മേൽ പറഞ്ഞ സാധന സാമഗ്രികൾ വാങ്ങുന്നതിനുള്ള ക്വട്ടേഷൻ/ടെണ്ടറുകൾ ക്ഷണിച്ച് ഈ ഓഫീസിലേക്ക് അംഗീകാരത്തിനായി അയച്ച് നൽകേണ്ടതാണ്.

4. 11.11.2014-ലെ ICPS 2/017180/2014 (1 മുതൽ 16 വരെയുള്ള) ഉത്തരവുകൾ പ്രകാരം ജെ.ജെ സ്ഥാപനങ്ങൾക്കു വേണ്ടി വിവിധ സാധന സാമഗ്രികൾ വാങ്ങാൻ അനുമതി നൽകിയിരുന്നു. ഈ പരിശീലന പരിപാടിയിലേക്ക് പ്രസ്തുത ഉത്തരവുകൾ പ്രകാരം വാങ്ങുന്ന സാധന സാമഗ്രികളും ഉപയോഗിക്കാവുന്നതാണ്. അങ്ങനെയാകുമ്പോൾ അധികമായി ഖണ്ഡിക രണ്ടിൽ പറയുന്ന സാധനങ്ങൾ വാങ്ങേണ്ടതില്ല.

5. ഇതു സംബന്ധിച്ച ചെലവ് ഐ.സി.പി.എസ്-ന്റെ TSB അക്കൗണ്ട് ആയ 14907-ൽ നിന്നും വഹിക്കാവുന്നതാണ്.

ഒപ്പ്

സാമൂഹ്യ നീതി ഡയറക്ടർ

ബന്ധപ്പെട്ട സ്ഥാപന സൂപ്രണ്ടുമാർക്ക്

പകർപ്പ്

1. എല്ലാ ഡി.സി.പി.ഒ-മാർക്കും
2. എല്ലാ പ്രൊബേഷൻ ഓഫീസർ (ഗ്രേഡ് 1) ഓഫീസർമാർക്കും
3. എല്ലാ സാമൂഹ്യ് നീതി ഓഫീസർമാർക്കും
4. എല്ലാ മേഖലാ സാമൂഹ്യ നീതി അസിസ്റ്റന്റ് ഡയറക്ടർമാർക്കും.
5. ഐ.സി.പി.എസ്-4
6. സ്റ്റോക്ക് ഫയൽ.

ഉത്തരവിൻപ്രകാരം

പ്രോഗ്രാം മാനേജർ